LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2010 ജൂലായ് 21, ബുധൻ

വാല്യം 143] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ: 18

നിയമസഭ 2010 ജൂലൈ മാസം 21-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ..... ഓർഡർ ..... ചോദ്യം നമ്പർ 481

ചെറുതും വലുതുമായ പട്ടണങ്ങളുടെ പശ്ചാത്തലസൗകര്യ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി

1 (*481) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. വി. എൻ. വാസവൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ .കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുതും വലുതുമായ പട്ടണങ്ങളുടെ പശ്ചാത്തലസൗകര്യ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ ;

(ബി) ഏതെല്ലാം നഗരസഭകളെയാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതികൾ നടപ്പാക്കുന്നതിനായി ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട് ;

(ഡി) കൂടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നവീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഇ) റോഡുകളുടെ പുനരുദ്ധാരണത്തിനായി എത്ര കോടി രൂപ നീക്കിവച്ചിട്ടുണ്ട് ;

(എഫ്) പാർക്കിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ,

(എ) ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യവികസനത്തിനായി കേന്ദ്ര സർക്കാർ 2005-2006-ൽ ആരംഭിച്ച പദ്ധതിയാണ് അർബൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് സ്കീം ഫോർ സ്മാൾ ആന്റ് മീഡിയം ടൗൺസ് (UIDSSMT). ഏഴ് വർഷം കാലയളവുള്ള ഈ സ്കീമിൽ കുടിവെള്ളം സ്വീവറേജ്, ഖരമാലിന്യ സംസ്കരണം, മലിനജല നിർമ്മാർജ്ജനം, പാർക്കിംഗ് സ്ലോട്ടുകളുടെ നിർമ്മാണം, ജലസംരക്ഷണം തുടങ്ങിയ പദ്ധതികൾക്കുള്ള ധനസഹായം നൽകുന്നു. സംസ്ഥാനത്ത് ആകെ 34 പദ്ധതികളാണ് UIDSSMT-മായി ബന്ധപ്പെട്ട് സംസ്ഥാനതല സാംഗ്ഷനിംഗ് കമ്മിറ്റി (SLSC) യുടെ മുമ്പാകെ അനുമതിക്കായി സമർപ്പിച്ചത്. ഇതിൽ 25 പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) പദ്ധതികളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നഗരസഭകളുടെ പട്ടിക അനുബന്ധമായി * ചേർത്തിരിക്കുന്നു.

(സി) പദ്ധതികൾ നടപ്പാക്കുന്നതിന് നഗരസഭകൾ നാളിതുവരെ 41.419 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 339.43 കോടി രൂപ അടങ്കലുള്ള 13 കുടിവെള്ള പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. 9 പുതിയ പദ്ധതികളും 4 നവീകരണത്തിനായുള്ള പദ്ധതികളുമാണുള്ളത്. ആയത് സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

പുതിയ പദ്ധതികൾ: ആലപ്പുഴ 91.94 കോടി രൂപ, പയ്യന്നൂർ 40.19 കോടി രൂപ, കൽപ്പറ്റ 32.17 കോടി രൂപ, ഗുരുവായൂർ 31.44 കോടി രൂപ, വടകര 20.91 കോടി രൂപ, ചാവക്കാട് 19 കോടി രൂപ, ഒറ്റപ്പാലം 18 കോടി രൂപ, ചിറ്റൂർ-തത്തമംഗലം 6.5 കോടി രൂപ, ചങ്ങനാശ്ശേരി 3.91 കോടി രൂപ.

നവീകരണ പദ്ധതികൾ: തലശ്ശേരി 41.20 കോടി രൂപ, മലപ്പുറം 19.76 കോടി രൂപ, പെരിന്തൽമണ്ണ 8.11 കോടി രൂപ, തിരുവല്ല 6.27 കോടി രൂപ.

ഇവയിൽ പയ്യന്നൂർ നഗരസഭയുടേയും ആലപ്പുഴ നഗരസഭയുടേയും കുടിവെള്ള പദ്ധതികൾ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. മറ്റ് 11 പദ്ധതികൾ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടറിംഗ് എന്നീ ഘട്ടത്തിലാണ്.

(ഇ) റോഡ് പുനരുദ്ധാരണ പദ്ധതികൾ നയപരമായി അംഗീകരിച്ചിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പാർക്കിംഗ് സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നഗരസഭകൾ സമർപ്പിച്ചിട്ടില്ല.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, നമ്മുടെ സംസ്ഥാനത്ത് നഗരസഭകളും അതുപോലെ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാകെപരിശോധിച്ചാൽ റോഡുകളുടെ എണ്ണവും കൂടുതലാണ്. ജനകീയാസൂത്രണ പദ്ധതി നടപ്പാക്കിയതോടുകൂടി നാട്ടിലാകെ ജനങ്ങളുടെ സഹകരണത്താൽ റോഡ് നിർമ്മിച്ചിട്ടുണ്ട്. അതെല്ലാം മെറ്റൽ ചെയ്യാനും ടാർ ചെയ്യുന്നതിനുമായി ജനങ്ങൾ മുറവിളി കൂട്ടുകയാണ്. ആ പദ്ധതി മിനിസ്റ്റർ ഇപ്പോൾ പറഞ്ഞ മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുകൂടി അംഗീകരിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; നഗരസഭകളിൽ പാർക്കിംഗ് പ്രശ്നമുണ്ട്. വാഹനങ്ങളെല്ലാം കൊണ്ടുവന്ന് റോഡിൽ പാർക്ക് ചെയ്യുന്നതുകാരണം വലിയ അപകടങ്ങൾ സംഭവിക്കുന്നുണ്ട്. പാർക്കിംഗ് സൗകര്യമുണ്ടാക്കാൻ കോർപ്പറേഷൻ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല എന്നാണ് അങ്ങയുടെ മറുപടിയിൽ പറഞ്ഞത്. അതിന് ഗവൺമെന്റ് തന്നെ മുൻകൈയെടുത്ത് പാർക്കിംഗ് സൗകര്യം ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : പാർക്കിംഗിന് പദ്ധതി സമർപ്പിക്കുന്ന ഘട്ടത്തിൽ അതാതു നഗരസഭകൾ അവരുടെ ആവശ്യങ്ങൾ വച്ചുകൊണ്ടാണ് പദ്ധതികൾ സമർപ്പിക്കേണ്ടത്. ആ രീതിയിലുള്ള പദ്ധതികൾ സമർപ്പിക്കപ്പെട്ടിട്ടില്ല എന്നുള്ളതുകൊണ്ടാണ് അംഗീകാരം കിട്ടാത്തത്. പാർക്കിംഗിനുള്ള പദ്ധതികൾ ഈ സ്കീമിൽ അനുവദനീയമാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, UIDSSMT സ്കീമിൽപ്പെടുത്തി പശ്ചാത്തല സൗകര്യവികസനത്തിനായി എത്രകോടി രൂപയാണ് കേന്ദ്രം നൽകിയിട്ടുള്ളത്; അതിൽ കേന്ദ്ര വിഹിതമെത്ര; സംസ്ഥാന വിഹിതമെത്ര; പദ്ധതിയുടെ കാലാവധി എന്നത്തേയ്ക്കാണ് അവസാനിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ഏഴ് വർഷത്തേയ്ക്കുള്ള പദ്ധതിയാണിത്. 41 കോടി രൂപയാണ് ഈയിനത്തിൽ ഇപ്പോൾ സംസ്ഥാനത്ത് ചെലവഴിക്കപ്പെട്ടിട്ടുള്ളത്.

ശ്രീ. വി. എൻ. വാസവൻ : സർ, നഗരപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന്റെ ഭാഗമായി മാലിന്യ സംസ്ക്കരണവും പാർക്കിംഗും ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. കോട്ടയം നഗരസഭ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയവും ഇതാണ്. ഇക്കാര്യത്തിൽ കോട്ടയം നഗരസഭയെ സഹായിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മാലിന്യപ്രശ്നം വളരെ ഗുരുതരമായിട്ടുള്ള ഒരു പ്രശ്നമായി നിൽക്കുകയാണ്. അത് പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ സ്ഥലത്തും ഈ പ്രശ്നമുണ്ട്. കോട്ടയത്ത് അത് കൂടുതലായിട്ടുണ്ട് എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

താണ് പ്രശ്നം. അതിന് പദ്ധതി അനുവദനീയമാണ്. പാർക്കിംഗിനെ സംബന്ധിച്ച കാര്യം നേരത്തെ പറഞ്ഞിട്ടുള്ളതാണ്. അവിടത്തെ നഗരസഭ പദ്ധതി തയ്യാറാക്കി സമർപ്പിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും അത് പരിഹരിക്കപ്പെടും.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, നഗരവികസനപരിപാടികളെല്ലാം പൊതുവിൽ കേന്ദ്രീകൃത നഗരവികസനമായിട്ടാണ് കാണുന്നത്. ഇതിന്റെ തിക്തഫലമാണ് ചേരികളും വെള്ളക്കെട്ടും മാനില്യ പ്രശ്നങ്ങളുമെല്ലാം. അതിനാൽ പരമാവധി നീർത്തടങ്ങളെ സംരക്ഷിക്കുന്ന രീതിയിൽ വികേന്ദ്രീകൃതമായ ഒരു നഗര വികസനത്തിന് പ്രത്യേകിച്ച് കൂടുതൽ സ്ഥലങ്ങളുള്ള തൃശൂർ പോലെയുള്ള നഗരത്തിൽ ഇത്തരം പരിപാടികളിലൂടെ ശ്രമിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ഓരോ നഗരത്തിന്റേയും പ്രത്യേകത വച്ചുകൊണ്ട് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ മിക്കവാറും ഇതുപോലുള്ള പദ്ധതികൾ അംഗീകരിപ്പിക്കാൻ കഴിയുമെന്നുള്ളതാണ് അനുഭവം. തീർച്ചയായിട്ടും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ളതുപോലെ കേന്ദ്രീകരിച്ചല്ല, വികേന്ദ്രീകരിച്ചുതന്നെ ഇത്തരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുൻ തദ്ദേശ സ്ഥാപനങ്ങളോട് നിർദ്ദേശിക്കാം.

ശ്രീ. കെ. കെ. ദിവാകരൻ: സർ, പാലക്കാട് നഗരസഭ വാസ്തവത്തിൽ ഒരു മാലിന്യ കാടായി മാറിയിരിക്കുകയാണ്. അവിടെ പ്രതിദിനം 50 ടണ്ണോളം മാലിന്യങ്ങളാണ് സംസ്കരിക്കപ്പെടേണ്ടതായിട്ടുള്ളത്. പക്ഷേ സംസ്ക്കരിക്കപ്പെടാനുള്ള ആവശ്യമായ സൗകര്യങ്ങൾ ഇന്ന് അവിടെയില്ല. ശുചിത്വ മിഷന്റെ പത്തു ലക്ഷം രൂപ അവിടെ കൊടുത്തിട്ടുണ്ട്. മുനിസിപ്പാലിറ്റി അതിന്റെ ഷെയർ ഉപയോഗിക്കാത്തതുകൊണ്ട് മാലിന്യ സംസ്കരണ കേന്ദ്രം വികസിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. അഴുക്കുചാൽ പൂർണ്ണമായും ഭാരതപ്പുഴയിലെ പോഷക നദിയിലേയ്ക്കാണ് ഒഴുകി പോകുന്നത്. അത് സംസ്കരിക്കുന്നതിന് യാതൊരു സംവിധാനവുമില്ല. അതുകൊണ്ട് പാലക്കാട് നഗരസഭയുടെ മാലിന്യപ്രശ്നം കൈകാര്യം ചെയ്യുന്നതിനുവേണ്ടി പ്രത്യേക ശ്രദ്ധ സംസ്ഥാന സർക്കാർ കൈക്കൊള്ളുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: ഈ കാര്യത്തിൽ പ്രത്യേക ശ്രദ്ധവന്നിട്ടുണ്ട്. പല നഗരസഭകളും ഇക്കാര്യം വളരെ ആത്മാർത്ഥമായും ഗൗരവമായും കണ്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. പക്ഷേ സംഭവിക്കുന്നത് എന്താണെന്നുവച്ചാൽ പ്രശ്നത്തിന്റെ ഗൗരവത്തിനനുസരിച്ച് ജനങ്ങളിൽനിന്നുള്ള സഹകരണം കിട്ടുന്നില്ല. പലപ്പോഴും ഇതിന്റെ പ്രവർത്തനം തെറ്റായവഴിക്ക് തടസ്സപ്പെട്ടുപോകുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് വരുന്നത്. ചില നഗരസഭകൾ വേണ്ടതുപോലെ ശ്രദ്ധ വയ്ക്കുന്നില്ല എന്ന പരാതിയുണ്ട്. പ്രശ്നത്തിന്റെ ഗൗരവത്തിനനുസരിച്ചുള്ള ഒരു പൊതു സഹകരണം വന്നെങ്കിൽ മാത്രമേ അത് നല്ലരീതിയിൽ പരിഹരിക്കാൻ കഴിയുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, നഗര വികസനത്തിന് കേന്ദ്ര ഗവൺമെന്റിന് ഒട്ടേറെ പദ്ധതികളുണ്ട്. ഇവിടെ ചോദ്യത്തിന് നിദാനമായ ചെറുതും വലുതുമായ പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിനും ജെ.എൻ.എൻ.യു.ആർ.എം. തുടങ്ങിയ പദ്ധതികൾ അനുസരിച്ച് നമ്മുടെ നഗരങ്ങൾ വികസിപ്പിക്കാനുള്ള ശ്രമവും ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. എല്ലാ നഗരങ്ങളിലും ചേരി പ്രദേശങ്ങളുണ്ട്. അവിടെ താമസിക്കുന്നവരുടെ ജീവിതം വളരെ ശോചനീയമാണ്. ചേരി പ്രദേശങ്ങളുടെ വികസനത്തിനും അവിടത്തെ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും എന്തെങ്കിലും പ്രത്യേക വികസന പദ്ധതികൾ ഉൾപ്പെടുത്തുന്നുണ്ടോ; അതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: കേന്ദ്ര ഗവൺമെന്റ് നഗരങ്ങളുടെ വികസനത്തിന് ധാരാളം ഫണ്ടുകളും പദ്ധതികളും കൊണ്ടുവരുന്നുണ്ട്. അത് വളരെ സ്വാഗതാർഹമായിട്ടുള്ളതാണ്. അതെല്ലാം പരമാവധി നല്ല രീതിയിൽ പ്രയോജനപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് ശ്രദ്ധിക്കുന്നുമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചിട്ടുള്ളതുപോലെ എല്ലാ പ്രദേശത്തേയ്ക്കും പദ്ധതി കൊടുക്കാൻവേണ്ടി ഓരോ പ്രദേശത്തേയും പ്രത്യേകതകൾ വച്ച് പദ്ധതികൾ തയ്യാറാക്കിവന്നാൽ ആ പദ്ധതി അംഗീകരിപ്പിക്കുന്നതിനു വേണ്ടി നമുക്ക് ശ്രമിക്കാം. മിക്കവാറും അംഗീകരിച്ചു കിട്ടും.

ശ്രീ. രാജാജി മാത്യു തോമസ്: സർ, മാലിന്യ സംസ്ക്കരണത്തിന് മതിയായ യോഗ്യതയുള്ള ഉദ്യോഗസ്ഥൻമാരുടേയും വിദഗ്ദ്ധന്മാരുടേയും അഭാവമാണ് നമ്മുടെ പല മാലിന്യ സംസ്ക്കരണ പദ്ധതികളും തകരുന്നതിന്റെ കാരണം. നഗരസഭകളിലും പഞ്ചായത്തുകളിലുമൊക്കെത്തന്നെ ഹെൽത്ത് ഉദ്യോഗസ്ഥരാണ് മാലിന്യ സംസ്ക്കരണത്തിന്റെ ചുമതല വഹിക്കുന്നത്. സ്വകാര്യ ഏജൻസികൾ, ഈ സംസ്ക്കരണ ചുമതല ഏറ്റെടുക്കുന്ന മറ്റ് ആളുകൾ എന്നിവർ ആ പദ്ധതികൾ ഫലപ്രദമായിട്ട് മുന്നോട്ടു കൊണ്ടുപോകാൻ കഴിയാതെ അത് ഉപേക്ഷിച്ചുപോകുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. ഇപ്പോൾ കേരള കാർഷിക സർവ്വകലാശാല മാലിന്യ സംസ്ക്കരണത്തിൽ ഒരു പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ആരംഭിക്കുന്നതിനു വേണ്ടി തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ പുറത്തുവരുന്ന വിദഗ്ദ്ധരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് അല്ലെങ്കിൽ അവർക്കാവശ്യമായിട്ടുള്ള തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് മാലിന്യ സംസ്ക്കരണത്തിന് ശാസ്ത്രീയമായിട്ടുള്ള ഒരു സമീപനം സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ഖരമാലിന്യ പ്രശ്നത്തിൽ ഈ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ നൂറിലേറെ ഏജൻസികൾ അവരുടെ പദ്ധതികൾ ഗവൺമെന്റിന്റെ മുമ്പാകെ കൊണ്ടുവന്നിട്ടുണ്ട്.

അവർ മിനിട്ടുകൾക്കുള്ളിൽ കേരളത്തിലെ മാലിന്യങ്ങൾ മുഴുവൻ തൂത്തുവാരാൻ പറ്റുന്ന രീതിയിലുള്ള പദ്ധതികളാണ് പറയുന്നത്. പക്ഷെ ഇവിടെ പല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമെല്ലാം സ്വാഭാവികമായിട്ടും അതിന്റെയടിസ്ഥാനത്തിൽ കരാർ ഒപ്പിട്ട് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ നടപ്പാക്കി ആറ് മാസം കഴിയുന്നതിനുമുമ്പായി തടസ്സപ്പെട്ടു നിൽക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേക കാലാവസ്ഥയിൽ, പല പദ്ധതികളും യുറോപ്യൻ നാടുകളിൽ നിന്നുള്ള ടെക്നോളജിയും അതിന്റെ അടിസ്ഥാനത്തിലുള്ള കാര്യങ്ങളാണ് പറയുന്നത്. അത് അവിടെ ശരിയായിരിക്കും, പക്ഷെ ഇവിടെ അത് പ്രയോഗത്തിൽ വരുന്ന സമയത്ത് റൺ ചെയ്യുന്നില്ല എന്നുള്ളതാണ് അനുഭവം. അപ്പോൾ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചിട്ടുള്ളതുപോലെ കേരളത്തിന്റെ പ്രത്യേക പരിതസ്ഥിതി വച്ച് ഇവർക്ക് പ്രായോഗികമായിട്ടുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനുവേണ്ടി ഇപ്പോൾ ഒരു ശ്രമം.....പേര് കിട്ടുന്നില്ല, ഓർമ്മവരുന്നില്ല....

മി. സ്പീക്കർ : പേര്, അത് പിന്നെ പറയാം.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ഒരു കമ്പനി അതുസംബന്ധിച്ചുള്ള കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്, അവരുടെ അനുഭവം ഇവിടെ പങ്കുവയ്ക്കാനും അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ പരിശീലിപ്പിക്കാനുമുള്ള ഒരു ശ്രമം ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

ശ്രീ. കെ. ബാബു : സർ, കൊച്ചി നഗരത്തിൽ മാലിന്യ സംസ്ക്കരണ പ്ലാന്റ് ബ്രഹ്മപുരത്ത് സ്ഥാപിച്ചെങ്കിലും അത് പ്രവർത്തിക്കുന്നില്ല. കൊച്ചിയിലെ ഗതാഗതക്കുരുക്ക് ദൈനംദിനം വർദ്ധിച്ചുവരികയാണ്. കൊച്ചിയിലെ കുടിവെള്ള പ്രശ്നത്തിനുവേണ്ടി JNNURM-ൽ കൊടുത്ത പദ്ധതി എങ്ങും എത്തിയിട്ടില്ല. ഇവിടെ തിരുവനന്തപുരത്തും JNNURM-ൽ അനുവദിച്ചുകിട്ടിയ പണം ഉപയോഗിച്ചില്ല എന്ന് പത്രവാർത്തയുണ്ട്. ഈ JNNURM പദ്ധതിയിൽ കിട്ടുന്ന പണം ഫലപ്രദമായി സംസ്ഥാനത്ത് ഉപയോഗിക്കുന്നതിന് എന്തു സംവിധാനമാണ് ഗവൺമെന്റ് ഉണ്ടാക്കിയിട്ടുള്ളത്; ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് എത്ര കോടി രൂപയ്ക്ക് കേന്ദ്ര ഗവൺമെന്റിൽ കൊടുത്തിട്ടുണ്ട്; കൊച്ചി നഗരത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ എന്നത്തേയ്ക്ക് പ്രഖ്യാപിക്കാൻ സാധിക്കും എന്നുകൂടി വ്യക്തമാക്കാമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ആദ്യം മാസ്റ്റർ പ്ലാനിന്റെ കാര്യം പറയാം. 31 നഗരസഭകളിലും മാസ്റ്റർ പ്ലാൻ എല്ലാ പ്രവർത്തികളും കഴിഞ്ഞ് പൂർത്തീകരിച്ചിട്ടുണ്ട്. ഈ ആഴ്ചയിൽ തന്നെ അത് പ്രസിദ്ധീകരിക്കും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞിട്ടുള്ളതുപോലെ JNNURM പദ്ധതിയായാലും മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികളായാലും ഒന്നു-രണ്ട് പദ്ധതികൾ ഒഴിച്ച് ബാക്കി എല്ലാ പദ്ധതികളും, ഒരുപക്ഷെ സംസ്ഥാനത്തിന്റെ കഴിഞ്ഞ കാല ചരിത്രം വച്ച് നോക്കുമ്പോൾ കൂടുതൽ വേഗതയിൽ ആ ഫണ്ട് ചെലവഴിച്ച്. ആ പദ്ധതി പ്രവർത്തനം മുന്നോട്ടുപോകുന്നുണ്ട്. ചില പ്രശ്നങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെയുണ്ട്, അത് നമ്മൾ കാണണം. സ്ഥലം എടുക്കാൻ സാധിക്കുന്നില്ല. ഇപ്പോൾ ആലപ്പുഴ ജില്ലയിലെ കുടിവെള്ള പദ്ധതി വളരെ വേഗതയിൽ നടന്നുകൊണ്ടിരിക്കുന്നു. പക്ഷെ സ്ഥലത്തിന്റെ കാര്യം വലിയ പ്രശ്നമാണ്. പയ്യന്നൂർ പദ്ധതി ഒരുപക്ഷേ കേരളത്തിൽ കിട്ടിയിട്ടുള്ള പദ്ധതിയുടെ കൂട്ടത്തിൽ വളരെ മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടുപോയതാണ്. പക്ഷെ വലിയ തടസ്സം വന്നത് ആ പ്രദേശത്തു നിന്നും വെള്ളം എടുക്കുകയാണെന്നുണ്ടെങ്കിൽ ഞങ്ങളുടെ പ്രദേശത്തുള്ള ആളുകൾക്കൊക്കെ വെള്ളം കൊടുത്തേ ഇവിടുന്ന് വെള്ളം കൊണ്ടുപോകാൻ പാടുള്ളൂ എന്നു പറഞ്ഞ് അവിടത്തെ ആളുകൾ മുന്നോട്ടു വന്നതു കാരണം പദ്ധതി പ്രവർത്തനം നീണ്ടുപോവുകയാണ്. കൊച്ചിയിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ളതു പോലെ അത്ര ആശങ്കയിലല്ല, സ്ഥിതി കുറച്ച് മോശമായിരുന്നത് ഇപ്പോൾ കുറച്ച് മെച്ചപ്പെട്ട നിലയിൽ നീങ്ങുന്നുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, ബഹുമാനപ്പെട്ട മിനിസ്റ്റർ സൂചിപ്പിച്ചതുമായി ബന്ധപ്പെട്ട് പറഞ്ഞാൽ, കൊച്ചിയിലെ JNNURM കുടിവെള്ള പദ്ധതി നല്ല പ്രോഗ്രസ്സാണ്. അതിൽ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട്. പക്ഷെ നേരത്തെ സൂചിപ്പിച്ചതുപോലെ ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മിക്കവാറും എല്ലാ സ്ഥലങ്ങളിലുമുണ്ട്. സ്വീവേജുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇപ്പോഴും സ്ഥല ലഭ്യതയില്ലാത്തതിന്റെ ഭാഗമായി നടപ്പാകാതിരിക്കുകയാണ്. തിരുവനന്തപുരം JNNURM സ്കീമിന് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി ഗണ്യമായ നിലയിൽ പുരോഗമിക്കുന്നുണ്ട്. ഡ്രിങ്കിംഗ് വാട്ടർ സെക്ടറിന്റെ കാര്യത്തിൽ ഡിസ്ട്രിബ്യൂഷൻ ലൈൻ നെറ്റ്വർക്ക് സ്ട്രെംഗ്തൻ ചെയ്യുന്നതാണ്. അതിന്റേയും പണി പുരോഗമിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മിനിസ്റ്റർ സൂചിപ്പിച്ചതുപോലെ കുടിവെള്ള വിതരണ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട സങ്കീർണ്ണ പ്രശ്നങ്ങളിലൊന്നായി മാറിക്കൊണ്ടിരിക്കുന്നത് സ്രോതസ്സിൽ നിന്ന് വെള്ളമെടുക്കുമ്പോൾ വെള്ളമെടുക്കുന്ന പ്രദേശത്ത് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതുൾപ്പെടെയുള്ള പ്രാദേശിക പ്രശ്നങ്ങളാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായിട്ടുള്ള UIDSSMT-ൽ പൈലറ്റ് പ്രോജക്ടായി കേരളം ഏറ്റവും ഭംഗിയായി സമയബന്ധിതമായി തീർക്കാമെന്നു വിചാരിച്ചതാണ് പയ്യന്നൂർ വാട്ടർ സപ്ലൈ സ്കീം. ജനകീയ പ്രതിഷേധത്തെ തുടർന്ന് ആ പദ്ധതി ഇപ്പോൾ ഏതാണ്ട് നിലച്ച മട്ടിലാണ്.

ശ്രീ. അൽഫോൺസ് കണ്ണന്താനം: സർ, എന്റെ ചോദ്യം പാർക്കിംഗിനെപ്പറ്റിയാണ്. കൊച്ചിയിൽ മറൈൻ ഡ്രൈവിൽ ഏതാണ്ട് പത്ത് ഏക്കർ സ്ഥലം കിടപ്പുണ്ട്. അതിൽ നിന്ന് ഒരേക്കർ സ്ഥലം എടുത്ത് പത്ത് നില കെട്ടിടം പാർക്കിംഗിനുവേണ്ടി അവിടെ കൊണ്ടുവരികയാണെങ്കിൽ ഒരു പ്രശ്നവുമില്ല. JNNURM-ൽ ഫണ്ടുണ്ട്, സ്ഥലവുമുണ്ട്. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനു പിറകിൽ ബാസ്കറ്റ് ബോൾ കോർട്ട് ഇരിക്കുന്ന സ്ഥലത്ത് ഒരു പത്ത് നില കെട്ടിടം ഉണ്ടാക്കുകയാണെങ്കിൽ ബാസ്ക്കറ്റ് ബാൾ കോർട്ട് ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

മുകളിലത്തെ നിലയിൽ ഉണ്ടാക്കുകയും ചെയ്യാം, ബാസ്ക്കറ്റ് ബോളും കളിക്കാം, സെക്രട്ടേറിയറ്റിന്റെ പ്രശ്നവും തീരും. കോട്ടയത്ത് തിരുനക്കര മൈതാനത്തിന്റെ ഗ്രൗണ്ട് ഫ്ളോർ നമ്മുടെ മീറ്റിംഗിനുവേണ്ടി ഉപയോഗിക്കാം. മുകളിൽ നമുക്ക് പാർക്കിംഗിന് ഉപയോഗിക്കാം. ഇതൊക്കെ സ്പെസിഫിക്കായിട്ടുള്ള സജഷൻസാണ്.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, പാർക്കിംഗിന് തർക്കമില്ലാത്ത സ്ഥലം കണ്ടെത്തി ഓരോ പ്രദേശത്തെയും ബന്ധപ്പെട്ട സ്ഥാപനങ്ങൾ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ഇന്നത്തെ സ്ഥിതിയിൽ കേന്ദ്ര ഗവൺമെന്റ് അത് അംഗീകരിക്കും. നമുക്ക് ആ പദ്ധതി കിട്ടും. അത് നടപ്പാക്കാനും പറ്റും.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, നഗരവികസനത്തെക്കുറിച്ച് ബൃഹത്തായ ഒരു കാഴ്ച്ചപ്പാട് നമുക്കില്ല. നഗരസഭ വികസിപ്പിക്കുമ്പോൾ അവിടെ വരാൻ പോകുന്ന പോപ്പുലേഷൻ എത്രയായിരിക്കും, എന്നുള്ളതിന്റെ കണക്കിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ നമ്മൾ ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ഇപ്പോഴത്തെ നഗരവീകസനം എന്നുപറയുന്നത് ഇന്നത്തെ ആവശ്യത്തിനു വേണ്ടിയിട്ടാണ്. അപ്പോൾ ഒരു നഗരത്തിലെ ജനസംഖ്യ വർദ്ധിക്കുമ്പോൾ അവിടെയുണ്ടാകുന്ന കുടിവെള്ളപ്രശ്നം അതുപോലെ അവിടെ ഉണ്ടാകുന്ന മാലിന്യം സംസ്ക്കരിക്കാൻ വേണ്ടി അവിടെ ഒരു കമേഴ്സ്യൽ ആക്ടിവിറ്റി ഉണ്ടാകണം. ഇതെല്ലാം മാപ്പ് ചെയ്തിട്ടു വേണ്ടേ നമ്മൾ ഒരു ബൃഹത്തായ പദ്ധതി തയ്യാറാക്കാൻ. ആ ഒരു ലെവലിലേയ്ക്ക് നമ്മൾ പോകുന്നില്ല. അതിനുവേണ്ട കാര്യക്ഷമമായ കാര്യങ്ങൾ ചെയ്യുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ള കാര്യം ശരിയാണ്, ഒരു ദീർഘകാലം കണ്ടുകൊണ്ട് ഒരു പത്ത്, ഇരുപത്തഞ്ച്, അൻപത് വർഷക്കാലത്തെ വികസനം മുന്നിൽ കണ്ടുകൊണ്ട് പദ്ധതികൾ തയ്യാറാക്കണം. വളരെ നല്ലതാണ്. പക്ഷെ ഒരു പദ്ധതി തയ്യാറാക്കി, മുമ്പുണ്ടായിരുന്ന പ്രായോഗികമായിട്ടുള്ള ബുദ്ധിമുട്ടാണ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. എന്നാലും അത് നേരിട്ടുകൊണ്ട് ഈ കാഴ്ചപ്പാടോടുകൂടി പദ്ധതികൾ തയ്യാറാക്കി കാലേക്കൂട്ടി പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ളതു പോലെ വലിയ ഒരു കുരുക്കിലേയ്ക്കാണ് രാജ്യം പോകുക.

ശ്രീ. കെ. വി. അബ്ദുൾഖാദർ: സർ, ഗുരുവായൂരിൽ ഇന്ന് നേരിടുന്ന പ്രധാനപ്പെട്ട ഒരു പ്രശ്നം കുടിവെള്ളക്ഷാമമാണ്. അത് പരിഹരിക്കുന്നതിന് വളരെ സഹായകരമാണ് UIDSSMT-ൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി. ഗുരുവായൂരിനെയും ചാവക്കാട് നഗരസഭയേയും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് പൂർത്തീകരിക്കുന്നതിനുവേണ്ടി ജലവിഭവ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായിട്ടുള്ള ഒരു നീക്കം നടത്താൻ മുൻകൈയെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, തീർച്ചയായും ഗുരുവായൂർ പദ്ധതിയുടെ ടെൻഡർ നടപടികളൊക്കെ കഴിഞ്ഞ് വളരെ വേഗതയിൽ പുരോഗമിച്ചുകഴിഞ്ഞിരിക്കുന്നു. ഒരു തടസ്സവും ഇപ്പോൾ ഇല്ല.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, നഗരസഭകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി എ.ഡി.ബി.യിൽ നിന്നും കഴിഞ്ഞ മാസം വരെ ഏതാണ്ട് 873.28 കോടി രൂപ അനുവദിച്ചതിൽ ആകെ ചെലവാക്കിയത് 136.87 കോടി രൂപയാണെന്ന് മലയാള മനോരമ പത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരത്തിൽ അനുവദിച്ച തുക ചെല വഴിക്കാൻ ഗുരുതരമായ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻമാർക്കെതിരെ നട പടി സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി യെടുക്കാൻ സമയമായിട്ടില്ല. കാരണം ഇപ്പോൾ പറഞ്ഞ കണക്ക് അത്ര ശരിയല്ല. മലയാള മനോരമയിലും മറ്റ് ചില കേന്ദ്രങ്ങളിൽ നിന്നും വരുന്ന റിപ്പോർട്ട് വസ്തുതാപരമല്ലെന്നാണ് പലപ്പോഴും ഞാൻ ചൂണ്ടിക്കാണിച്ചി ട്ടുള്ളത്. പക്ഷേ എ.ഡി.ബി പദ്ധതിയായാലും ജൻറം പദ്ധതിയായാലും അതാത് പദ്ധതികൾക്ക് നൽകിയിട്ടുള്ള പണം അതിന് അനുവദിക്കപ്പെട്ടിട്ടുള്ള കാലാവധിക്ക് മുൻപ് തീർക്കുന്നതിന് സാങ്കേതികമായി ഇതുപോലെയുള്ള ചില പ്രശ്നങ്ങൾ നേരിടുന്നതിന്റെ ഭാഗമായി നീണ്ടുപോകുന്നു എന്നേയുള്ളു.

ശ്രീമതി പി. അയിഷാ പോറ്റി : സർ, ആദ്യകാലം മുതലേ ദീർഘവീക്ഷ ണത്തോടുകൂടിയുള്ള പ്ലാനിംഗ് നടത്താത്തതുകൊണ്ടാണ് ടൗണുകൾ വളരെ കൺജസ്റ്റഡായി വന്നുകൊണ്ടിരിക്കുന്നത്. നേരത്തെ ശ്രീ. എം. വി. ശ്രേയാംസ് കുമാർ പറഞ്ഞതുപോലെ നല്ല പ്ലാനിംഗോടുകൂടി, ദീർഘകാലത്തെ കാഴ്ചപ്പാ ടോടുകൂടി ഇപ്പോൾ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലാ പദ്ധതിയും പ്രാദേശിക വികസന പദ്ധതിയും തയ്യാറാക്കുന്നതുപോലെ പ്ലാൻ ചെയ്യേണ്ടതുണ്ട്. എന്നാൽ കൊട്ടാരക്കര അടക്കമുള്ള ടൗണുകളിൽ, അവിടെയൊക്കെ ഇപ്പോൾ സ്ഥലം അക്വയർ ചെയ്യാൻ പറ്റാത്ത അവസ്ഥയാണ്. വലിയ വില കൊടുക്കുകയാണ്. അവർ മാലിന്യ പ്ലാന്റിന് വേണ്ടി ഒന്നര ഏക്കർ സ്ഥലം ഇപ്പോൾ വാങ്ങി. ടൗണിൽ വലിയ കൺജഷ നാണ്. നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ഞങ്ങൾ നന്നായിട്ട് അത് പ്ലാൻ ചെയ്ത് പോയിട്ടും ഒരു നിവൃത്തിയുമില്ലാത്ത അവസ്ഥയാണ്. അവിടെ വസ്തു അക്വയർ ചെയ്തുകൊണ്ട് ഒരു പാർക്കിംഗ് ഗ്രൗണ്ടും മറ്റ് സംവിധാനങ്ങളും ഉണ്ടാക്കാൻ ഗവൺമെന്റിന്റെ കൂടി സഹായം കൊടുക്കാൻ തീരുമാനമെടുക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : തീർച്ചയായിട്ടും ഇത്തരം പദ്ധതികൾ അതാത് നഗരസഭകൾ തയ്യാറാക്കി തരുന്ന മുറയ്ക്ക് ഗവൺമെന്റ് അതിനാ വശ്യമായ എല്ലാ സഹായങ്ങളും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ : സർ, എന്ത് നമ്മൾ ചർച്ച ചെയ്താലും ഇന്ന് കേരളത്തിലെ പട്ടണങ്ങളും നഗരങ്ങളും നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം മാലിന്യ സംസ്ക്കരണം തന്നെയാണ്. വളരെ കുറച്ച് കോർപ്പറേഷനുകളിൽ മാത്രമേ ഇതിനുള്ള ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളൂ. ആ സംവിധാനങ്ങൾ പോലും കാര്യക്ഷമമായി മുൻപോട്ട് പോകുന്നില്ല. ഇക്കാര്യത്തിൽ ഗവൺമെന്റിന് ഒരു നിർദ്ദേശം കൊടുക്കാൻ കഴിയുമോ ? പലപ്പോഴും കടലാസ് കമ്പനികളിൽ നിന്ന് ടെന്റർ വാങ്ങി ലക്ഷക്കണക്കിന് രൂപ മുടക്കി, ഫലപ്രദമല്ലാത്ത സംവിധാനങ്ങളാണ് പല സ്ഥലത്തും സ്ഥാപിച്ചിരിക്കുന്നത്. നഗരങ്ങൾക്കും അതുപോലെ പട്ടണങ്ങൾക്കും ഗവൺമെന്റ് നിർദ്ദേശം കൊടുക്കണം. അഞ്ച് ടൺ മുതൽ അൻപത് ടൺ വരെ വ്യത്യസ്തമായ കപ്പാസിറ്റി സംസ്ക്കരിക്കുന്നതിനാവശ്യമായ സിസ്റ്റം ഏതെല്ലാമുണ്ട്, അതിന് കമ്പനികളുടെ ഒരു പാനൽ ഗവൺമെന്റ് തന്നെ തയ്യാറാക്കി കൊടുക്കണം. ആ പാനലിൽ നിന്ന് മാത്രമേ ഈ സംവിധാനങ്ങൾ ഉണ്ടാക്കാൻ കഴിയുകയുള്ളുവെന്ന കർശനമായ നിർദ്ദേശം കൊടുത്തില്ലെങ്കിൽ മാലിന്യ സംസ്ക്കരണത്തിന്റെ പേരിൽ നടക്കുന്ന വൻ തട്ടിപ്പ് തടയാൻ സാധിക്കില്ല. എല്ലാ സ്ഥലങ്ങളിലും ഈ മെഷിനറി മുഴുവൻ തകരാറിലായിരിക്കുകയാണ്. തട്ടിപ്പ് സംഘങ്ങളാണ് ഇതെല്ലാം കൊടുത്തുകൊണ്ടിരിക്കുന്നത്. ഈ കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകമായ നിർദ്ദേശം കൊടുക്കുന്ന കാര്യം ശ്രദ്ധിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യം ഗവൺമെന്റ് വളരെ ഗൗരവമായിട്ടെടുക്കുന്നുണ്ട്. കാരണം പല തദ്ദേശസ്ഥാപനങ്ങളും കമ്പനികളുമായി കരാർ ഒപ്പിട്ട് ലക്ഷങ്ങൾ മുടക്കി പ്ലാന്റുകൾ സ്ഥാപിച്ചത് പ്രയോജനമില്ലാതെ കിടക്കുന്ന ഒരു അവസ്ഥയുണ്ട്. അതുകൊണ്ട് ഏറ്റവും നല്ല കമ്പനി ഏതാണെന്ന് അന്വേഷിക്കുന്നുണ്ട്. അത് നോട്ട് ചെയ്തിട്ട് തദ്ദേശസ്ഥാപനങ്ങൾക്ക് അവരിൽ നിന്ന് സഹായം സ്വീകരിക്കാനും അവരുമായി കരാർ ഒപ്പുവയ്ക്കാനുമുള്ള സ്ഥിതിയിലേയ്ക്ക് കൊണ്ടുവരുന്നുണ്ട്. ഗവൺമെന്റ് ഇതിന് കാണുന്ന മറ്റൊരു പരിഹാരം, വികേന്ദ്രീകരിച്ച് സംസ്ക്കരിക്കുക എന്നുള്ളതിന് കുറച്ചുകൂടി ശക്തമായ നിലപാടിലേയ്ക്ക് നീങ്ങുക എന്നുള്ളതാണ്.

ശ്രീ. എം. ജെ. ജേക്കബ് : സർ, സാധാരണ നഗരസഭകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. എന്നാൽ അർബൻ നേച്ചറുള്ള പഞ്ചായത്തുകളാണ്. ഉദാഹരണമായി, പിറവം, കൂത്താട്ടുകുളം പോലെയുള്ള പഞ്ചായത്തുകൾ. അവിടെയൊക്കെ ഈ പ്രശ്നങ്ങളുള്ളതാണ്. പിറവത്ത് നഗരസഭയിൽ നടപ്പാക്കുന്നതുപോലെ ട്രീറ്റ് ചെയ്യുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കിയാൽ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അയച്ച് അംഗീകാരം വാങ്ങാൻ സഹായിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ഈ പദ്ധതി നഗരസഭകൾക്കുള്ളതാണ്. പഞ്ചായത്തുകൾ ഇത്തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കിയാൽ ആ പദ്ധതികൾ ഏറ്റെടുക്കാനും ആവശ്യമായ സഹായം കൊടുക്കാനുമുള്ള വ്യവസ്ഥ വേറെയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സർ, ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ സമ്മതിച്ചു, നമ്മുടെ നഗരസഭകളുടെ ഈ പദ്ധതികളെല്ലാം അപൂർവ്വം ചില സ്ഥലത്തൊഴിച്ച് പരാജയപ്പെടുകയാണ്. നമുക്കൊരു മോഡൽ ചൂണ്ടിക്കാണിക്കാനില്ല. ഇൻഡ്യയിലെ വൻ നഗരങ്ങളിലെല്ലാം വളരെ ഫലപ്രദമായി മാലിന്യ സംസ്ക്കരണം നടക്കുന്നുണ്ട്. കേരളത്തിലെ പല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഈ പദ്ധതി പരാജയപ്പെട്ട പശ്ചാത്തലത്തിൽ ക്ലീൻ കേരള മിഷന്റെ ആഭിമുഖ്യത്തിൽ ഒരു മോഡൽ പദ്ധതി ഉണ്ടാക്കാനും ഏതെങ്കിലും പഞ്ചായത്തിലോ മുനിസിപ്പാലിറ്റിയിലോ ആ പദ്ധതി നടപ്പിലാക്കി ഒരു മാതൃക കാണിക്കാനുമുള്ള നടപടികൾ സ്വീകരിക്കാമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : നമ്മുടെ സംസ്ഥാനത്തെ ഈ പ്രശ്നത്തിന്റെ രൂക്ഷത കുറച്ച് കാണുന്നില്ല. പക്ഷേ ബഹുമാന്പ്പെട്ട മെമ്പർ മറ്റ് പട്ടണങ്ങളെല്ലാം ശുദ്ധമാണെന്ന് പറയുന്നത് പട്ടണങ്ങൾ മുഴുവൻ കാണാത്തതുകൊണ്ടാണ്. അതുകൊണ്ട് നമുക്ക് സമാധാനമായി ഇരിക്കാൻ പറ്റില്ല. തീർച്ചയായിട്ടും ഇവിടത്തെ പ്രശ്നങ്ങൾ നമുക്ക് പരിഹരിക്കണം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, കണ്ണൂർ നഗരത്തിന്റെ ഭാഗമാണ് കണ്ണൂർ കന്റോൺമെന്റ്. മാലിന്യ സംസ്ക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ യഥാർത്ഥത്തിൽ അവിടെ കൈകാര്യം ചെയ്യാൻ കഴിയാത്തത് കന്റോൺമെന്റ് അവിടെയുള്ളതുകൊണ്ടുകൂടിയാണ്. കന്റോൺമെന്റിലെ ഓടകളാകെ വെള്ളം നിറഞ്ഞും റോഡുകളൊക്കെ പൊട്ടിപ്പൊളിഞ്ഞും കിടക്കുന്നു. കേരളത്തിൽ ഏക തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുള്ള ഒരു സ്ഥാപനമാണ് കണ്ണൂർ കന്റോൺമെന്റ്. കണ്ണൂർ കന്റോൺമെന്റിനെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനമായി അംഗീകരിക്കാനും ഗവൺമെന്റ് നൽകുന്ന എല്ലാ ഗ്രാന്റുകളും കൊടുത്ത് നഗരത്തിന്റെ നടുക്കുള്ള ഈ സ്ഥലത്ത് റോഡുകളും ഓടകളുമൊക്കെ ശരിയാക്കി വയ്ക്കാൻ പറ്റാവുന്ന നിലപാട് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : കണ്ണൂർ കന്റോൺമെന്റിന്റെ യഥാർത്ഥ ചിത്രം ഞാൻ കണ്ടത് ഈ അടുത്ത ദിവസമാണ്. ബഹുമാനപ്പെട്ട മെമ്പറുമായി ഞാൻ അവിടെ പോയിരുന്നു. വാസ്തവത്തിൽ അത് പണ്ട് കാലത്തുള്ള ആന്റമാൻ ദ്വീപ് പോലെയാണ്. ഒരു സൗകര്യവും അവിടത്തെ ജനങ്ങൾക്കില്ല. 46,000-ത്തോളം ആളുകൾ അവിടെയുണ്ട്. ഒരു ആനുകൂല്യവും അവർക്ക് കിട്ടുന്നില്ല. അവിടെ പട്ടാളവും പടക്കോപ്പുകളും സൂക്ഷിച്ചിരുന്ന കെട്ടിടങ്ങളും മറ്റ് കാര്യങ്ങളും ഉണ്ടെന്നല്ലാതെ ഒരു കക്കൂസ് പോലും ആ പ്രദേശത്തെ ജനങ്ങൾക്ക് നിർമ്മിച്ചുകൊടുക്കുന്നില്ല. തീർച്ചയായിട്ടും ഇതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം അടുത്തു തന്നെ വിളിച്ചു ചേർക്കുന്നതാണ്. അടിയന്തരമായി അതിന്റെ വികസനത്തിനു വേണ്ടി 15 ലക്ഷം രൂപ കൊടുക്കാൻ മുനിസിപ്പാലിറ്റിയോട് പറഞ്ഞിട്ടുണ്ട്. മുനിസിപ്പാലിറ്റിക്ക് ഫണ്ട് കൊടുത്താലും അങ്ങോട്ട് കൊടുക്കില്ല. അങ്ങനെയാണ് അതിന്റെ ഏർപ്പാട്. അടിയന്തരമായി ആ പ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, ജവഹർലാൽ നെഹ്റു നഗരവികസന പദ്ധതിയിൽ നമ്മൾ കൊടുക്കുന്ന പ്രോജക്ടിനനുസരിച്ച് കേന്ദ്രത്തിൽ നിന്ന് യാതൊരു ലിമിറ്റുമില്ലാതെ ഫണ്ട് കിട്ടും. പക്ഷേ കേരളം വേണ്ടത്ര പദ്ധതികൾ കൊടുക്കുന്നില്ല, കിട്ടിയത് നടപ്പിലാക്കുന്നില്ല. ഉദാഹരണത്തിന് പൂന നഗരം മാത്രം ഏതാണ്ട് നാലായിരം കോടി രൂപയുടെ പദ്ധതി സമർപ്പിച്ചപ്പോൾ നമ്മൾ അഞ്ച് നഗരങ്ങളിൽ കൂടി ആയിരം കോടി രൂപയിൽ താഴെയുള്ള പദ്ധതികളേ സമർപ്പിച്ചിട്ടുള്ളൂ. ആവശ്യത്തിന് പദ്ധതികൾ കൊടുക്കുന്നില്ലെന്നുള്ളതാണ് നമ്മുടെ സംസ്ഥാനത്തിന്റെ ഒരു കുഴപ്പം. ഇതിന് കാരണമെന്താണ്; സ്ഥല പരിമിതിയാണോ, ആവശ്യത്തിന് പദ്ധതികൾ ഉണ്ടാക്കാത്തതുകൊണ്ടാണോ, കണ്ണൂർ നഗരസഭയെ ഇതിൽ ഉൾപ്പെടുത്താൻ പറ്റുമോ ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : നേരത്തെ പറഞ്ഞിട്ടുള്ളതുപോലെ കേന്ദ്ര പദ്ധതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട പല മെമ്പർമാരും ഒരു മുൻവിധി വച്ച് സംസാരിക്കുകയാണ്. വസ്തുത അതല്ല. ഇവിടെ കിട്ടുന്ന പദ്ധതി ശരിയാംവണ്ണം നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ട്. കഴിഞ്ഞ ഏത് കാലത്തേക്കാളും പദ്ധതി പ്രവർത്തനത്തിൽ ഇപ്പോൾ പുരോഗതിയുണ്ട്. പക്ഷേ നമ്മൾ ആഗ്രഹിക്കുന്ന വേഗതയിൽ നടക്കാതിരിക്കാനുള്ള കാരണമാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. അത് പരിഹരിച്ച് മുന്നോട്ട് പോകാൻ ശ്രമിക്കുന്നുണ്ട്. കണ്ണൂർ പട്ടണത്തിന് ഒരു പ്രത്യേക പദ്ധതി കിട്ടുന്നതിനു വേണ്ടി മുനിസിപ്പാലിറ്റി പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും പരിശോധിക്കാം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, വളരെ പഴക്കം ചെന്ന ഒരു ടൗൺ പ്ലാനിംഗ് സ്കീമുമായിട്ടാണ് നമ്മൾ ഇപ്പോൾ പൊയ്ക്കൊണ്ടിരിക്കുന്നത്. പുതിയ ടൗൺ പ്ലാനിംഗ് സ്കീം ഉണ്ടാക്കുന്നതിനുവേണ്ടി നഗരസഭകളെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് ഇതുവരെ പൂർത്തിയായിട്ടില്ലെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അത് പൂർത്തിയാക്കണം. രണ്ടാമതായി നിയമങ്ങൾ കർശനമായി പാലിക്കുക എന്നുള്ളതാണ് ടൗൺ പ്ലാനിംഗിനും നഗരം വൃത്തിയാക്കുന്നതിലും ഏറ്റവും പ്രധാനമായിട്ടുള്ളത്. വാഹനങ്ങൾ പാർക്ക് ചെയ്യുന്ന കാര്യത്തിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്ന കാര്യത്തിലുമൊക്കെ കർശനമായ നിയമനടപടികൾ സ്വീകരിച്ച് മുന്നോട്ട് പോകാൻ പഞ്ചായത്തിന് അധികാരമില്ലെങ്കിൽ പുതിയ നിയമമുണ്ടാക്കുകതന്നെ ചെയ്യണം. അങ്ങനെ കർശനമായ നിയമങ്ങൾ പാലിക്കണം. അടിയന്തരമായി പുതിയ ടൗൺ പ്ലാനിംഗ് സ്കീം നടപ്പിലാക്കണം. നിയമങ്ങൾ കർശനമായി പാലിക്കാൻ ഇപ്പോഴുള്ള വ്യവസ്ഥകൾ അനുവദിക്കുന്നില്ലെങ്കിൽ പുതിയ നിയമം ഉണ്ടാക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : നിലവിലുള്ള നിയമത്തിൽ വല്ല അപര്യാപ്തതയുണ്ടെങ്കിൽ, അത് ശരിയാംവണ്ണം നടപ്പിലാക്കുന്നതിന് കൂടുതൽ നിയമനിർമ്മാണം ആവശ്യമാണെങ്കിൽ തീർച്ചയായിട്ടും അത് കൊണ്ടുവരും. ഇന്നുള്ള നിയമം കർശനമായി നടപ്പിലാക്കുന്നതിനുള്ള ശ്രമം ഗവൺമെന്റ് നടത്തും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. യു. കുരുവിള : സർ, കോതമംഗലം നഗരസഭയോട് ചേർന്നുള്ള ഫോറസ്റ്റിന്റെ കൈവശമിരിക്കുന്ന തടി ഡിപ്പോ ഇത്തവണ ഫോറസ്റ്റുകാർ മതിൽകെട്ടി തിരിച്ചപ്പോൾ നഗരസഭ അതിനെ എതിർക്കുകയും അനുവാദ മില്ലാതെ പൊളിക്കുകയും ചെയ്ത ഒരു സംഭവമുണ്ടായിട്ടുണ്ട്. രണ്ട് വകുപ്പുകൾ തമ്മിലുള്ള ഒരു തർക്കം അവിടെ നിൽക്കുന്നു. അത് ഗവൺമെന്റ് ഇടപെട്ട് എത്രയും വേഗം തീർക്കുമോ ; നഗരമധ്യത്തിലുള്ള ഡിപ്പോ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. വന്നാലുടനെ അതിൽ ഇടപെടുന്നതായിരിക്കും.

ശ്രീ. മുരളി പെരുനെല്ലി : സർ, ഇൻഡ്യയിലെ എല്ലാ പ്രദേശത്ത് നിന്നുമുള്ള മാലിന്യം വന്നുചേരുന്ന ഒരു പ്രദേശമാണ് ഗുരുവായൂർ. അവിടെയുള്ള മാലിന്യങ്ങൾ നേരെ ഒഴുകി വരുന്നത് എന്റെ മണ്ഡലത്തിലെ ചക്കംകണ്ടം പ്രദേശത്താണ്. ചക്കംകണ്ടത്ത് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി തുടങ്ങിയിട്ട് ഒരുപാട് കാലമായി. അത് അടിയന്തരമായി പൂർത്തീകരിച്ച് ഈ പ്രദേശത്തെ ജനങ്ങളെ മാലിന്യത്തിൽനിന്ന് സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : ചക്കംകണ്ടം ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട്. ഗുരുവായൂരുള്ള മാലിന്യ സംസ്ക്കരണം ഏറ്റവും മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിന് പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. അച്ചുതൻ : സർ, കേരളത്തിൽ ഏറ്റവും പഴക്കം ചെന്ന നഗരസഭകളിൽ ഒന്നാണ് ചിറ്റൂർ - തത്തമംഗലം. പണ്ട് കൊച്ചി രാജാവിന്റെ സംബന്ധ വീടുകളുള്ളതാണ് ചിറ്റൂരും തത്തമംഗലവും. ഇന്ന് 30,000 ജനസംഖ്യയുള്ള ഒരു നഗരസഭയാണ്. മുമ്പ് രണ്ട് നഗരസഭകളായിരുന്നു ചിറ്റൂരും തത്തമംഗലവും. അത് രണ്ടുംകൂടി യോജിപ്പിച്ചിട്ട് ഒറ്റ നഗരസഭയാക്കിയിട്ട് നൂറു കൊല്ലം കഴിഞ്ഞു. കേരളത്തിൽ ഏറ്റവും മോശമായ നഗരസഭ എന്ന നിലയ്ക്ക് അവർക്ക് ദേശീയ തൊഴിലുറപ്പ് പദ്ധതി ബാധകമാക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : ദേശീയ തൊഴിലുറപ്പ് പദ്ധതി പട്ടണങ്ങളിൽ അനുവദനീയമല്ല എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമല്ലോ. അതിന്റെ പ്രയാസം മനസ്സിലാക്കിയിട്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി തന്നെ പ്രഖ്യാപിച്ചത്, നമ്മുടെ പട്ടണങ്ങളിൽ കേരളാ ഗവൺമെന്റ് അയ്യൻകാളിയുടെ പേരിൽ ഒരു പദ്ധതി ആരംഭിക്കുമെന്ന്. അത് അടുത്ത മാസം മുതൽ നടപ്പിലാക്കും.

ശ്രീ. സി. കെ. സദാശിവൻ : സർ, ആലപ്പുഴ പട്ടണത്തിന്റെ സൗന്ദര്യം പട്ടണത്തിന്റെ നടുവിലൂടെ ഒഴുകുന്ന കനാലുകളാണ്. ഇത് മാലിന്യ

നിക്ഷേപ കേന്ദ്രമായതിനെ തുടർന്ന് കനാൽ സൗന്ദര്യവൽക്കരണം പദ്ധതി അവിടെ നടപ്പിലാക്കിവരുന്നുണ്ട്. മുനിസിപ്പാലിറ്റിയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും ടൂറിസം ഡിപ്പാർട്ടുമെന്റും സംയുക്തമായിട്ടാണ് ഈ പദ്ധതി ഏറ്റെടുത്തിരിക്കുന്നത്. ഇതിന്റെ പൂർത്തീകരണം എന്നത്തേയ്ക്ക് നടക്കും എന്ന് വ്യക്തമാക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : ആലപ്പുഴയിൽ ആ പദ്ധതിയുടെ പ്രവർത്തനം വളരെ വേഗത്തിൽ നടക്കുന്നുണ്ട്. തീർച്ചയായും അത് സമയ ബന്ധിതമായി പൂർത്തിയാക്കുവാൻ ആവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് ചെയ്യുന്നുണ്ട്.

ശ്രീ. എം. ഉമ്മർ : സർ, വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനേക്കാൾ ഏറ്റവും വലിയ പ്രശ്നമാണ് പട്ടണങ്ങളിൽ വരുന്ന മനുഷ്യനെ പാർക്ക് ചെയ്യാൻ സ്ഥലമില്ല എന്നുള്ളത്. യഥാർത്ഥത്തിൽ ചെറിയ പട്ടണങ്ങളിലൊക്കെത്തന്നെ ഫ്ളാറ്റുകൾ വന്നിട്ട് ആകാശം കാണാത്ത കുട്ടികളുണ്ട്. അതുപോലെതന്നെ ചേരികളിലെ ആളുകൾക്ക് ഒന്ന് ശ്വാസംവിടാൻ സ്ഥലമില്ല. അങ്ങനെയുള്ള ആളുകൾക്ക് ഒരു ബ്രീത്തിംഗ് പ്ലേസ് എന്നുള്ള നിലയ്ക്ക് സംസ്ഥാന ഗവൺമെന്റ് പ്രത്യേകമായ സഹായം നൽകി പാർക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ട പ്രത്യേക നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിഗണിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരത്തിലുള്ള മാറ്റങ്ങൾ പട്ടണത്തിൽ ഉണ്ടാക്കുന്നതിനുവേണ്ടി ശ്രമിക്കുന്നതാണ്.

ശ്രീ. എ. എം. ആരിഫ് : സർ, നമ്മുടെ പട്ടണ പ്രദേശങ്ങളിൽ വളരെ ഇടുങ്ങിയ രീതിയിലാണ് പല പ്ലാനുകളും ഉണ്ടാക്കിവച്ചിട്ടുള്ളത്. ഇങ്ങനെ തയ്യാറാക്കുന്ന പ്ലാനുകൾ ഭാവിയെ കണക്കാക്കിയുള്ളതാണോ എന്ന് പരിശോധിക്കാതെയാണ് അംഗീകാരം കൊടുക്കുന്നത്. പ്രത്യേകിച്ചും ചേർത്തല പോലുള്ള നഗരങ്ങൾ, എറണാകുളത്തോട് അടുത്തുകിടക്കുന്ന പ്രദേശങ്ങളാണ്. ആ പ്രദേശങ്ങളിലുള്ള സ്ഥലങ്ങൾ എറണാകുളത്തിന്റെ ഭാഗമായി വികസിച്ചുകൊണ്ടിരിക്കുന്ന പ്രദേശങ്ങളാണ്. അതുകൊണ്ട് പ്ലാനുകളെ സംബന്ധിച്ച് നല്ലവണ്ണം സ്ക്രൂട്ടിനൈസ് ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : പരിശോധിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, മാലിന്യ സംസ്ക്കരണത്തിനു വേണ്ടി മാതൃകാപരമായി ഒരു നടപടി ഈ കേരളത്തിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. ഐ.എം.എ. നേതൃത്വം കൊടുക്കുന്ന ഇമേജ്, അതിനകത്ത് എം.ഒ.യു ഒപ്പ് വയ്ക്കുന്ന സ്ഥലങ്ങളിൽനിന്ന് അവർ നേരിട്ട് വന്ന് ഖരമാലിന്യങ്ങൾ ശേഖരിക്കുകയും പിന്നീട് സംസ്ക്കരണം നടത്തുകയും ചെയ്യുകയാണ്. മാലിന്യ സംസ്ക്കരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം സംസ്ക്കരിക്കുന്നതിനു വേണ്ടിയുള്ള ഭൂമി ലഭിക്കുന്നില്ല എന്നുള്ളതാണ്. എത്ര പരിശ്രമം നടത്തിയാലും ലോക്കലായി ഈ ഭൂമി ലഭ്യമാക്കുന്നതിന് ജനങ്ങളുടെ വലിയ റസിസ്റ്റൻസ് വരുകയാണ്. അതുകൊണ്ട് ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

ചുരുങ്ങിയത് ഒരു പട്ടണ പ്രദേശത്തോ അതല്ലെങ്കിൽ പഞ്ചായത്തിലോ ഇതിന് ഭൂമി ഏറ്റെടുത്ത് കൊടുക്കുവാനും മാലിന്യ സംസ്കരണം നടത്തുന്നതിനു വേണ്ടിയുള്ള മോഡൽ പ്ലാന്റുകൾ. ഉണ്ടാക്കിക്കൊടുക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രയാസമാണ് നമ്മളിവിടെ ചർച്ച ചെയ്തത്. അതുകൊണ്ട് ഓരോ ജില്ലകളിലും എല്ലാ മാലിന്യങ്ങളും ശേഖരിച്ച് ഒരു സ്ഥലത്ത് കൊണ്ടുവന്ന് സംസ്ക്കരിക്കുക എന്നുള്ളതല്ല, വികേന്ദ്രീകരണം ശക്തിപ്പെടുത്തി ഓരോ ജില്ലകളിലും അതിനു പുറമേ വരുന്ന മാലിന്യങ്ങൾ സംസ്ക്കരിക്കത്തക്ക രീതിയിൽ നല്ല പ്ലാന്റുകൾ ഓരോ ജില്ലയിലും സ്ഥാപിക്കുവാനാവശ്യമായ സ്ഥലം കണ്ടെത്തി ഗവൺമെന്റുകൂടി ഇടപെട്ട്, അതാത് മുനിസിപ്പാലിറ്റികൾക്ക്, ചില പ്രദേശത്ത് ഒരു മുനിസിപ്പാലിറ്റി മാത്രമല്ല, പല ലോക്കൽ ബോഡീസ് കൂട്ടായി പരിശ്രമിച്ച് ഉണ്ടാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

മി. സ്പീക്കർ : ചോദ്യം നമ്പർ-482

ഓണം വാരാഘോഷ പരിപാടികൾ

2 (*482) ശ്രീ. കെ. അജിത് :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. കെ. രാജു :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഓണം വാരാഘോഷ പരിപാടികൾ വിനോദ സഞ്ചാര വകുപ്പ് നടത്തുന്നുണ്ടോ ; എങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കുമോ ;

(ബി) എല്ലാ ജില്ലകളിലും ആഘോഷ പിരപാടികൾ സംഘടിപ്പിക്കുന്നുണ്ടോ ;

(സി) എന്തൊക്കെ പരിപാടികളാണ് വാരാഘോഷത്തിൽ ഉൾപ്പെടുത്തുന്നത് ;

(ഡി) വാരാഘോഷ പരിപാടികൾ വിജയിപ്പിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

(എ) ഉണ്ട്. തിരുവനന്തപുരത്ത് സംസ്ഥാനതല ഓണാഘോഷ പരിപാടികൾ ആഗസ്റ്റ് 22-ന് ആരംഭിച്ച് 28-ാം തീയതി ഓണം ഘോഷയാത്രയോടുകൂടി സമാപിക്കുന്നതാണ്.

(ബി) ഉണ്ട്. ജില്ലകളിൽ ആഗസ്റ്റ് 23 മുതൽ 27 വരെ ജില്ലാ കളക്ടർമാർ ചെയർമാനായുള്ള ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖേന വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-I

[21-7-2010-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ1(*481)-ന്റെ ഉത്തരം കാണുക.]

യു.ഐ.ഡി.എസ്. എസ്. എം.ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നഗരസഭകൾ

ക്രമ നമ്പർ	പട്ടണം	പദ്ധതി	അംഗീകരിച്ച പദ്ധതി തുക ലക്ഷത്തിൽ)
(1)	(2)	(3)	(4)
1	നെയ്യാറ്റിൻകര	ഖരമാലിന്യ സംസ്കരണം	349
2	ആറ്റിങ്ങൽ		306
3	പുനലൂർ		482
4	ചങ്ങനാശ്ശേരി		390
5	പത്തനംതിട്ട		380
6	പെരിന്തൽമണ്ണ		522
7	കൊയിലാണ്ടി		208
8	ആലപ്പുഴ		423
9	നെടുമങ്ങാട്		229
10	നോർത്ത് പരവൂർ		183
11	ആലുവ		185
12	പയ്യന്നൂർ	കുടിവെള്ളം	4019
13	ആലപ്പുഴ		9194
14	ഗുരുവായൂർ		144.33
15	ചാവക്കാട്		67
16	തലശ്ശേരി		410.00
17	വടകര		2091.75
18	കൽപ്പറ്റ		3217.00
19	പെരിന്തൽമണ്ണ		811.00
20	ചിറ്റൂർ തത്തമംഗലം		650.00
21	ചങ്ങനാശ്ശേരി		891.90
1 22	തിരുവല്ല		627.90

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
23	ഒറ്റപ്പാലം		1800.00
24	മലപ്പുറം		1976.00
25	ചാലക്കുടി	സ്വീവറേജ്	4978.00

അനുബന്ധം-II

[21-7-2010 ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 18(*498)-ന്റെ ഉത്തരം കാണുക]

തിരുവനന്തപുരം

1. കുടിവെള്ള പദ്ധതിയുടെ നവീകരണവും വിപുലീകരണവും

കുടിവെള്ള പദ്ധതിയുടെ നവീകരണവും വിപുലീകരണത്തിനുമായി 25 പാക്കേജുകളിലായി വിവിധ സ്ഥലങ്ങലിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും കുഴിക്കുന്ന റോഡുകൾ നന്നാക്കുവാനും വാട്ടർ മീറ്ററുകൾ സ്ഥാപിക്കുന്നതിനുമായി ടെണ്ടറുകൾ വിളിച്ചിട്ടുണ്ട്. ഇതിൽ 13 പദ്ധതികളുടെ പണി പുരോഗമിക്കുന്നു. ഇതിൽ 12 പണികൾ ഈ വർഷം ഡിസംബറോടുകൂടി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഒരെണ്ണം അടുത്ത വർഷം ഒക്ടോബർ മാസത്തോടുകൂടി പൂർത്തിയാകും.

2. സ്വീവറേജ് 1,2 ഘട്ടങ്ങൾ

12 പാക്കേജുകളിലായി ടെണ്ടർ ചെയ്ത പദ്ധതികളിൽ ഒരെണ്ണത്തിന് മാത്രമേ പ്രതികരണമുണ്ടായുള്ളു. മുട്ടത്തറ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണികൾ പുരോഗമിക്കുന്നു. 2011, സെപ്റ്റംബർ മാസത്തോടുകൂടി പണി പൂർത്തിയാകും. സ്വീവറേജ് പദ്ധതികൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

3. ഖരമാലിന്യ സംസ്ക്കരണവും പരിപാലനവും

ഖരമാലിന്യ സംസ്ക്കരണത്തിനുവേണ്ടി വരുന്ന ഉപകരണങ്ങൾ വാങ്ങുന്ന നടപടികൾ എല്ലാം ഏകദേശം പൂർത്തിയായി. പത്തോളം ഇനങ്ങൾ സപ്ലൈ ചെയ്തു കഴിഞ്ഞു ബാക്കിയുള്ളവയുടെ സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. വിളപ്പിൽശാല ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിലെ ലിച്ചേറ്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും സാനിട്ടറി ലാന്റ് ഫില്ലിന്റെയും വർക്കുകൾ പുരോഗമിക്കുന്നു.

4. വെള്ളപ്പൊക്ക നിവാരണ പദ്ധതി

തമ്പാനൂർ-പഴവങ്ങാടി കിഴക്കേക്കോട്ട എന്നീ പ്രദേശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കാനായി 40.4 കോടിരൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

റെയിൽവേയുടെ ഭാഗത്ത് റെയിൽവേട്രാക്കിനടിയിൽ കൂടി കൾവർട്ട് നിർമ്മാണം, ആക്കുളം ഭാഗത്ത് കടലിനോട് ചേർന്ന പ്രദേശങ്ങളിലെ വേളി മൗത്ത് ബ്രേക്ക് വാട്ടർ നിർമ്മാണം, പഴവങ്ങാടി-കിഴക്കേക്കോട്ട-തമ്പാനൂർ

LIBRARY ARCHIVES Kerala Legislative Assembly